അവ പൂർണ്ണമായും കൃഷിക്കാർക്ക് കൈമാറാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കാലക്രമേണ മെയിൻ കനാലുകളും റിസർവോയറുമൊഴികെ എല്ലാ സംവിധാനങ്ങളും കൃഷിക്കാർക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ട് നടപ്പിലാക്കാൻ പെരിയാർവാലി പ്രോജക്ടിലെ നെല്ലാട് ഡിസ്ട്രിബ്യൂട്ടറിയുടേയും മലമ്പുഴ പ്രോജക്ടിലെ കുനിശ്ശേരി ബ്രാഞ്ച് കനാലിന്റേയും യഥാക്രമം 39.50 ലക്ഷം രൂപയും, 34.50 ലക്ഷം രൂപയ്ക്കുമുള്ള എസ്റ്റിമേറ്റുകൾ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതിയും ധനസഹായവും ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(സി) ഈ പ്രോഗ്രാമിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ പൂർണ്ണമായും കർഷകപങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

14 (*298) ചെപ്പോടുകളും താളിയോലഗ്രന്ഥങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതികൾ

ശ്രീമതി സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറിസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല തറവാടുകളുടെയും മനകളുടെയും കൈവശമുള്ള ചെപ്പോടുകളും താളിയോലഗ്രന്ഥങ്ങളും സംരക്ഷിക്കുന്നതിന് ഗവൺമെന്റിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് അതിന്റെ ഉടമസ്ഥർക്ക് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഇത്തരം പദ്ധതികളൊന്നും പുരാരേഖവകുപ്പിൽ ഇപ്പോൾ നിലവിലില്ല. പൊതുജന സഹകരണത്തോടെ ഇത്തരത്തിലുള്ള വസ്തുക്കൾ ശേഖരിച്ചു സംരക്ഷിക്കുന്നതിന് നടപടികൾ പുരാരേഖ വകുപ്പ് ആവിഷ്കരിച്ചു വരുന്നുണ്ട്. എന്നാൽ ചരിത്രപ്രാധാന്യമുള്ള ചെപ്പോടുകൾ, താളിയോലരേഖകൾ, ശിലാലിഖിതങ്ങൾ എന്നിവ കണ്ടെത്തിയതായി ഉടമസ്ഥർ അറിയിക്കുകയും അവ വിട്ടുകൊടുക്കുകയും ചെയ്താൽ പുരാവസ്തുവകുപ്പ് അവ ഏറ്റെടുത്ത് സംരക്ഷിക്കുന്നതാണ്.

(സി)&(ഡി) ധനസഹായം നൽകുന്ന പദ്ധതി ഒന്നും നിലവിലില്ല.

15 (*299) അനുഷ്ഠാനകലകളെയും ക്ഷേത്രകലകളെയും പ്രോത്സഹിപ്പിക്കുവാൻ നടപടി

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly